**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3544** **27-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുണ്ടറ മണ്ഡലത്തിൽ , കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകളുടെ വിവരം, വർഷം തിരിച്ച് ചുവടെ ചേർക്കുന്നു<br>1 തൃക്കോവിൽവട്ടം - 2019-20<br>2. നെടുമ്പന – 2019-20<br>തൃക്കോവിൽവട്ടം, നെടുമ്പന എന്നീ കേരഗ്രാമങ്ങളുടെ മൂന്നാം വർഷ ആനുകൂല്യം ഈ സർക്കാർ വന്നതിനു ശേഷം 2021-22 ൽ നടപ്പിലാക്കിയിട്ടുണ്ട്.<br>3 കുണ്ടറ 2022-23<br>2022 -23 വർഷത്തിൽ കുണ്ടറ കേരഗ്രാമം, കുണ്ടറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി. ആയതിന്റെ രണ്ടാം വർഷം 2023 -24 വർഷത്തിൽ നടപ്പിലാക്കി.<br>4. പേരയം - 2023-24<br>2023-24 വർഷം പേരയം ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | കേരഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | നാളികേര വികസന പദ്ധതിയുടെ പ്രധാന ഘടകമാണ് കേരഗ്രാമം പദ്ധതി. തുടർച്ചയായ 100 ഹെ തെങ്ങിൻ പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേര ഗ്രാമത്തിനു മൂന്ന് വർഷം ധനസഹായം നൽകുന്നു. ഒന്നാം വർഷ കേരഗ്രാമത്തിന് 25 .67 ലക്ഷം രൂപയും രണ്ടാം വർഷം 8.00 ലക്ഷം രൂപയും മൂന്നാം വർഷം 4.00 ലക്ഷം രൂപയും നൽകുന്നുണ്ട്.<br><br>നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായംചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, എന്നിവ ലക്ഷ്യമിടുന്നു.<br>**ഒന്നാം വർഷം (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം)** - താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാകുന്നു.<br>1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് |

പരമാവധി Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന സംയോജിത പരിചരണ മുറകൾ പ്രാദേശിക ആവശ്യാനുസരണം പ്രവർത്തനങ്ങൾ ആയി തെരെഞ്ഞെടുക്കാവുന്നതാണ്.

| **പ്രവർത്തി** | **അനുവദനീയമായ സബ്സിഡി** |
|---|---|
| (a) ഇടയിളക്കൽ , തടം തുറക്കൽ, പുതയിടീൽ | 35 രൂപ/തെങ്ങ് |
| (b) തൊണ്ട് കുഴിച്ചിടീൽ | 50 രൂപ/തെങ്ങ് |
| (c) ഇടവിള കൃഷി | 6000രൂപ ഹെക്ടറിന് |
| (d)സംയോജിത വള പ്രയോഗം | |
| i )കുമ്മായം | 9 രൂപ/തെങ്ങ് |
| ii)രാസവളം/ ജീവാണുവളങ്ങൾ | 20 രൂപ/തെങ്ങ് |
| iii)മഗ്നീഷ്യം സൾഫേറ്റ് | 3.75രൂപ/തെങ്ങ് |
| iv)ജൈവവളം | 25 രൂപ/തെങ്ങ് |
| (e)സംയോജിത സസ്യസംരക്ഷണം | |
| i )സസ്യസംരക്ഷണം | 10 രൂപ/തെങ്ങ് |
| ii )കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ/തെങ്ങ് |
| f) രോഗംബാധിച്ചതും ഉൽപ്പാദന ശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് | 1000 രൂപ/തെങ്ങ് |
| g) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ/തെങ്ങ് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

| | | | |
|---|---|---|---|
| | | | 7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/-രൂപ.<br>8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം.<br><br>**കേരഗ്രാമം രണ്ടാം വർഷം:**<br>രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.<br>**കേരഗ്രാമം മൂന്നാം വർഷം:**<br>മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4.00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു. |
| (സി) | മണ്ഡലത്തിലെ ഓരോ കൃഷിഭവനിലും എത്ര കർഷകർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | 1. തൃക്കോവിൽവട്ടം - 1510<br><br>2. നെടുമ്പന - 1740<br><br>3. കുണ്ടറ – 868<br><br>4. പേരയം - പുരോഗമിക്കുന്നു. ആനുകൂല്യം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ